ഉത്തരം

(എ) ഉണ്ട്.

(ബി) കെ.ബി.പി.എസ്സിന്റെ കർമ്മശേഷിക്കനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഷൊർണ്ണൂർ പ്രസ്സിന്റെ വികസനം

149 [312] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി പ്രഖ്യാപിച്ച ഷൊർണ്ണൂർ സർക്കാർ പ്രസ്സിന്റെ പുരോഗതിക്കും വികസനത്തിനും എന്തെല്ലാം കാര്യങ്ങളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ആവശ്യത്തിന് കടലാസും ഓർഡറുകളും ലഭിക്കാതെ ഷൊർണ്ണൂർ പ്രസ്സ് തകർച്ചയെ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഷൊർണ്ണൂർ പ്രസ്സിൽ നിലവിലുള്ള ഏതെങ്കിലും തസ്തികൾ ഇതര പ്രസ്സുകളിലേക്കു മാറ്റുകയോ നിർത്തൽ ചെയ്യുകയോ ചെയ്തിട്ടുണ്ടോ; വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2004-2005 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സും ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സും നവീകരിക്കുന്നതിലേക്കായി 3.25 കോടി രൂപ പ്രഖ്യാപിച്ചിരുന്നെങ്കിലും തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിന്റെ നവീകരണത്തിനു മാത്രമായിട്ടാണ് ബഡ്ജറ്റിൽ 3.25 കോടി രൂപ അനുവദിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ നിലവിലുള്ള തസ്തികൾ മറ്റു പ്രസ്സുകളിലേക്കു മാറ്റം ചെയ്തിട്ടില്ല. എന്നാൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ പൊതുസ്ഥലമാറ്റത്തിലെ മാനദണ്ഡപ്രകാരം സീനിയർ ഗ്രേഡ്/ഗ്രേഡ് 1 തസ്തികകൾ ജീവനക്കാരുടെ ആവശ്യപ്രകാരം ഷിഫ്റ്റുചെയ്ത് സ്ഥലം മാറ്റം നൽകിയിട്ടുണ്ട്. 19-11-2003-ലെ ജി.ഒ. (പി) 34/03/പി ആന്റ് എആർഡി പ്രകാരം അച്ചടി വകുപ്പിലെ 105 തസ്തികകൾ നിർത്തലാക്കേണ്ടതോ സൂപ്പർ ന്യൂമററി ആയി പ്രഖ്യാപിക്കേണ്ടതോ ആണെന്ന് ഉത്തരവായിട്ടുള്ളതിൽ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ ചില തസ്തികകളും ഉൾപ്പെട്ടിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly